പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1682 06/03/2017 ൽ മറുപടിക്ക്

## ഓപ്പറേഷൻ അനന്ത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എം.ഷാജി | കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) തലസ്ഥാന നഗരിയിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ ഓപ്പറേഷൻ അനന്തയുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത ജോലികളുടെ വിശദവിവരം നൽകാമോ; | എ) തലസ്ഥാന നഗരിയിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ ഓപ്പറേഷൻ അനന്തയുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത ജോലികളുടെ വിശദവിവരം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |
| ബി) ഇതിൽ ഏതൊക്കെ ജോലികൾ പൂർത്തിയായിട്ടുണ്ട്; ഇനിയും ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത്; | ബി) പൂർത്തിയാക്കിയ ജോലികളുടെ വിശദാംശങ്ങൾ അനുബന്ധം (2) ആയും ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം (3) ആയും ചേർത്തിരിക്കുന്നു. |
| സി) പൂർത്തിയാക്കാത്തവ പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; പണികൾ പൂർത്തിയാക്കാനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | സി) ഓപ്പറേഷൻ അനന്തയുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി, നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള കേരള റോഡ് ഫണ്ട് ബോർഡ് വിവിധ വകുപ്പുകളുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) ഈ പദ്ധതിക്ക് മൊത്തം എന്തു തുക ചെലവായി; | ഡി) ഓപ്പറേഷൻ അനന്ത പദ്ധതിക്ക് ആകെ 18,22,63,558/- രൂപ ചെലവായിട്ടുണ്ട്. |
| ഇ) തമ്പാനൂർ പഴവങ്ങാടി വഴിയുള്ള തോട്ടിലെ മാലിന്യം നീക്കം ചെയ്യുന്ന ജോലി ഏറ്റെടുത്തിട്ടുണ്ടോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | ഇ) ഓപ്പറേഷൻ അനന്തയിൽ ഉൾപ്പെടുത്തി തമ്പാനൂർ സെൻട്രൽ റെയിൽവേ സ്റ്റേഷനിലുള്ളിലെ പഴവങ്ങാടി തോട് മാലിന്യം, അടിഞ്ഞ് കൂടിയ ചെളി എന്നിവ നീക്കം ചെയ്ത്, ആ ഭാഗത്തെ തോടിന്റെ ആഴം വർദ്ധിപ്പിക്കുവാൻ പര്യാപ്തമായ വിധത്തിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ